ഉത്തരം

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ല് ഉൾപ്പെടെയുള്ള സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന് ആവശ്യമായ തുക എൻ.സി.ഡി.സി. സഹകരണ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സർക്കാർ ഗ്യാരണ്ടി കൂടാതെ കണ്ടെത്തണമെന്ന് ഉത്തരവായിട്ടുണ്ട്.

തൃശ്ശൂർ സീതാറാം മില്ലിന്റെ നവീകരണം

44 [498] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ നവീകരണത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2003-2004 വർഷം മില്ലിന്റെ നവീകരണത്തിന് എത്ര തുക നീക്കിവച്ചിട്ടുണ്ട്. ഈ തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്;

(സി) 2004-2005 വർഷം മില്ലിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) തൊഴിലാളികൾക്ക് വി. ആർ. എസ്സ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ മില്ല് ഏതെങ്കിലും സ്വകാര്യ കമ്പനികൾക്കോ വ്യക്തികൾക്കോ വിൽക്കുന്നതിനുള്ള കരാറിൽ സർക്കാർ ഒപ്പുവച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സീതാറാം ടെക്സ്റ്റയിൽസിന്റെ പ്രോസ്സസിംഗ് യൂണിറ്റ് സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി പുനരുദ്ധരിക്കുന്നതിനും സ്പിന്നിംഗ് ഡിവിഷൻ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2003-2004-ൽ 191.69 ലക്ഷം രൂപയുടെ സർക്കാർ സഹായത്തോടെ 96 ജീവനക്കാർക്ക് വി. ആർ. എസ്./എസ്. എസ്. എൻ. പി. നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) 2003-2004 കാലയളവിൽ അനുവദിച്ച 100 ലക്ഷം രൂപ കോട്ടൺ സപ്ലയേഴ്സിനും സ്റ്റാറ്റ്യൂട്ടറി കടങ്ങൾ തീർക്കുന്നതിനുമായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ പത്തു ലക്ഷം രൂപ ധനസഹായമായും 191.69 ലക്ഷം രൂപ വി. ആർ. എസ്./എസ്. എസ്. എൻ. പി. നടപ്പാക്കുന്നതിലേക്കുമായി നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) 2004-2005-ൽ ഇതുവരെ 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ തുക കോട്ടൺ സപ്ലയേഴ്സിനും സ്റ്റാറ്റ്യൂട്ടറി ലൈബിലിറ്റീസ് തീർക്കുന്നതിനുമായും പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ സീതാറാം മിൽ

45 [499] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം മില്ലിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എന്നും ഇനി കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശമുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) സീതാറാം മില്ലിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്;

(ഡി) തൊഴിലാളികൾക്ക് വി. ആർ. എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്ത് തുക ഇതിനായി നീക്കി വെച്ചിട്ടുണ്ട്.?

ഉത്തരം

(എ) ഉണ്ട്.

(ബി) 410 ലക്ഷം രൂപ ലോൺ ആയും, 191.69 ലക്ഷം രൂപ വോളണ്ടറി റിട്ടയർമെന്റ് സ്കീമിനുവേണ്ടിയും നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവായ പുനരുദ്ധാരണ നിർദ്ദേശപ്രകാരം സ്പിന്നിംഗ് വിഭാഗം ഇപ്പോഴത്തെ നിലയിൽ തുടരുവാനും പ്രോസസ്സിംഗ് യൂണിറ്റ് സുതാര്യമായ രീതിയിൽ വിൽപ്പന നടത്തുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) നിർത്തലാക്കിയ പ്രോസസ്സിംഗ് വിഭാഗത്തിലെ തൊഴിലാളികൾക്കും അധികമുള്ള സ്റ്റാഫിനും വി.ആർ.എസ്സ്. നൽകിയിട്ടുണ്ട്.

(ഇ) 191.69 ലക്ഷം രൂപ ഇതിനായി നൽകിക്കഴിഞ്ഞു.

ടെക്നോപാർക്ക്

46 [500] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ടെക്നോപാർക്കിന്റെ ഉടമസ്ഥതയിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly